# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3609 — 22.08.2017 — ൽ മറുപടിക്ക്

## പൊതുവിഭാഗം റേഷൻ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ<br>ശ്രീ. വി.ആർ. സുനിൽ കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പൊതുവിഭാഗത്തിൽ ഉൾപ്പെട്ട റേഷൻ കാർഡിന് ഓണ കാലയളവിൽ എത്ര അളവിലാണ് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുള്ളത്; | (എ) പൊതുവിഭാഗം (സബ്സിഡി) വിഭാഗത്തിന് 4 കി.ഗ്രാം ഭക്ഷ്യ ധാന്യം 2/- രൂപ നിരക്കിലും 1 കി.ഗ്രാം ആട്ടയും ഓണത്തിന് പ്രത്യേകമായി അനുവദിക്കാനും, പൊതുവിഭാഗം (നോൺ സബ്സിഡി) വിഭാഗത്തിന് നിലവിലുള്ള വിതരണ രീതി തുടരാനുമാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) അർഹത ഉണ്ടായിട്ടും ബി.പി.എൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരിൽ, അതു പുനഃസ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് കാർഡ് എന്നത്തേക്ക് വിതരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായിട്ടുള്ള അപേക്ഷകളിൽ അന്വേഷണം നടത്തി അർഹരാണെന്ന് കാണുന്ന പക്ഷം, അനർഹർ പുറത്താകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ